LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റെയിൽവേക്ക് മാത്രമായി ലെയ്സൺ വിംഗ് ഇല്ല. എന്നാൽ സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഉതകുംവിധം ഡൽഹിയിൽ കേരള ഹൗസിൽ ഒരു ലെയ്സൺ വിംഗ് നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് മാർഗ്ഗരേഖ നിശ്ചയിക്കുന്നതിനായി ഒരു മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. 26-7-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 300/2010/ഗതാ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സെൽ പുന:സംഘടിപ്പിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

റെയിൽവേയുടെ കേരളാ സോൺ

279 (876) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, തിരുവനന്തപുരം, കൊങ്കൺ ഡിവിഷനുകളെ ഏകോപ്പിച്ചുകൊണ്ട് റെയിൽവേയുടെ കേരളാ സോൺ ലഭിക്കുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന എം.പി. മാരും സർക്കാരും ചേർന്ന് റെയിൽവേ മന്ത്രിയുമായി ചർച്ച നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കേരളത്തിൽ ഹെഡ്ക്വാർട്ടേഴ്സുള്ള ഒരു പെനിൻസുലാർ റെയിൽവേ സോൺ രൂപീകരിക്കണമെന്നത് സംസ്ഥാനത്തിന്റെ മുഖ്യ ആവശ്യമായി സർവ്വകക്ഷിയോഗം ബഹു. കേന്ദ്ര റെയിൽവേ മന്ത്രിക്ക് നൽകിയ നിവേദനത്തിൽ മുന്നോട്ടുവച്ചിട്ടുണ്ട്. കൂടാതെ ടി നിർദ്ദേശം എം.പി.മാരുടെ കോൺഫറൻസുകളിലെ അജണ്ടകളിൽ മുഖ്യ വിഷയമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

റെയിൽവേ റിസർവേഷൻ കൗണ്ടർ പട്ടം എൽ.ഐ.സി. ഓഫീസിൽ നിലനിർത്തുന്നതിന് നടപടി

280 (877) ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ പട്ടം എൽ.ഐ.സി ഓഫീസിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന റെയിൽവേ റിസർവേഷൻ കൗണ്ടർ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.